**"ഭരണഭാഷ മാതൃഭാഷ"**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി
വികാസ്ഭവൻ, തിരുവനന്തപുരം.

വിഷയം:- ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സെർവന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 31-01-1978 ലെ GO(P) No. 78/78/GAD നമ്പർ സർക്കാർ ഉത്തരവ്.
2) 20-02-2009 ലെ GO(P) No. 9/2009/Plg നമ്പർ സർക്കാർ ഉത്തരവ്.
3) 05-09-2012 ലെ GO(MS) No.487/2012/Fin നമ്പർ സർക്കാർ ഉത്തരവ്
4) ഈ ആഫീസിലെ 01-03-2016 ലെ ഇഎ(1)2016/2016/ഡിഇഎസ് നമ്പർ ഉത്തരവ്
5) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 02-03-2016 ലെ ഇ(2)/476/2016/ഡികെ നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇഎ(3) 14/2014/ഡിഇഎസ് തീയതി: 02-03-2016**

കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ (ഇക്കണോമിക്സ്) /ബി.എസ്.സി (മാത്സ് / സ്റ്റാറ്റിസ്റ്റിക്സ്)/ ബി.കോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബി.കോം വിത്ത് ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ്) യോഗ്യത ഉള്ളവരും മുന്ന് വർഷസേവനം പുർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആഫീസ് അറ്റൻഡന്റുമാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നം.47, കൊട്ടാരക്കര താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീമതി.ദീപ.കെ-യ്ക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ കൊല്ലം ജില്ലയിൽ നിയമനം നൽകണമെന്ന് ശ്രീമതി.ദീപ.കെ അപേക്ഷിച്ചിട്ടുണ്ട്. തസ്തികമാറ്റനിയമനം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ല എന്ന് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ദീപ.കെയെ 22200-48000/- രൂപ പരിഷ്കരിച്ച ശമ്പളസ്കെയിലിൽ തസ്തികമാറ്റനിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം നൽകി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

1604178

കൊല്ലം ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ശ്രീമതി.ദീപ.കെയ്ക്ക് നിയമനം നൽകേണ്ടതാണ്.

ടിയാൾ യഥാസമയം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരി ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകം ശമ്പളം നിർണ്ണയിക്കുന്നതിന് ഓപ്ഷൻ നൽകേണ്ടതാണ്.

ഒപ്പ്
**ഐ.എസ്.സുഭാഷ്ചന്ദ്ര ബോസ്,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീമതി.ദീപ.കെ. ആഫീസ് അറ്റൻഡന്റ്. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്. കൊട്ടാരക്കര

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ഓഫീസ് കൊല്ലം
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
4) ഗ്രഡേഷൻ സെൽ
5) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

റ്റി /02/03 (8)